REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു രണ്ട് ദിവസത്തെ ഒഡിഷ സന്ദർശനത്തിന് വൈകിട്ട് ഭുവനേശ്വറിലെത്തും.
- ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുംഭാംശു ശുക്ലയുടേയും ആക്സിയൻ 4 ദൗത്യത്തിലെ മറ്റ് മൂന്ന് ക്രൂ അംഗങ്ങളുടേയും മടക്കയാത്ര ഇന്ന് തുടങ്ങും.
- വിദേശ കാര്യമന്ത്രി ഡോ. എസ് ജയശങ്കറിന്റെ ചൈനാ സന്ദർശനം ഇന്ന് ആരംഭിക്കും.
- യമനിൽ വധശിക്ഷ കാത്തു കഴിയുന്ന മലയാളി നിമിഷ പ്രിയയുടെ മോചനത്തിന് ഇടപെടണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കത്ത് നൽകി.
- പാലക്കാട് ജില്ലയിൽ രണ്ടാമതും നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ 6 ജില്ലകളിലെ ആശുപത്രികൾക്ക് ജാഗ്രതാ നിർദേശം നൽകിയതായി മന്ത്രി വീണാ ജോർജ്.
- ആൻഡേഴ്സൺ-ടെൻഡുൽക്കർ ട്രോഫിയിലെ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ബാറ്റിംഗ് വൈകീട്ട് പുനരാരംഭിക്കും.

# വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു രണ്ട് ദിവസത്തെ ഒഡിഷ സന്ദർശനത്തിന് വൈകിട്ട് ഭുവനേശ്വറിലെത്തും. ഭുവനേശ്വറിലെ ഓൾ ഇന്ത്യ മെഡിക്കൽ സയൻസിൽ അഞ്ചാമത് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ റാവൻഷാ സർവകലാശാലയുടെ 13-ാമത് വാർഷിക ബിരുദദാന സമ്മേളനത്തിൽ പങ്കെടുത്തതിന് ശേഷം ദ്രൗപതി മുർമു റാവൻഷാ ഗേൾസ് ഹൈസ്കൂളിന്റെ മൂന്ന് കെട്ടിടങ്ങളുടെ പുനർ വികസനത്തിന് തറക്കല്ലിടും. കൂടാതെ, ദികാബി സർളാദാസിന്റെ ജന്മവാർഷിക ആഘോഷത്തിൽ പങ്കെടുക്കുന്ന അവർ, 2024-ലെ കലിംഗരത്ന അവാർഡ് സമ്മാനിക്കുകയും ചെയ്യും.

✪✪✪

ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുംഭാംശു ശുക്ലയുടേയും ആക്സിയൻ 4 ദൗത്യത്തിലെ മറ്റ് മൂന്ന് ക്രൂ അംഗങ്ങളുടേയും മടക്കയാത്ര ഇന്ന് തുടങ്ങും. വൈകിട്ട് നാലരയ്ക്ക് അൺഡോക്കിംഗ് ഷെഡ്യൂൾ ചെയ്തതായി കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ഡോ. ജിതേന്ദ്രസിംഗ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു. നാളെ ഇന്ത്യൻ സമയം മൂന്നോടെ ക്രൂ അംഗങ്ങൾ ഭൂമിയിൽ തിരിച്ചെത്തുമെന്ന് അദ്ദേഹം പറഞ്ഞു. 14 ദിവസത്തെ ഗവേഷണത്തിന് ശേഷമാണ് ക്യാപ്റ്റൻ ശുഭാംശു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് മടങ്ങിയെത്തുന്നത്. 1984-ഇൽ ബഹിരാകാശത്തേക്ക് പോയ വിംഗ് കമാൻഡർ രാകേഷ് ശർമ്മയ്ക്ക് ശേഷം നിലയം സന്ദർശിക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് ശുഭാംശു. യാത്രക്കിടെ ഇന്ത്യക്കായി അദ്ദേഹം ഏഴ് പ്രത്യേക പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്.

മകൻ സുരക്ഷിതമായി ഭൂമിയിൽ തിരിച്ചെത്താൻ ദൈവത്തോട് പ്രാർത്ഥിക്കുന്നതായി ശുഭാംശുവിന്റെ പിതാവ് ശംഭു ദയാൽ ഉത്തർപ്രദേശിലെ ലഖ്നൗവിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

വിദേശ കാര്യമന്ത്രി ഡോ. എസ് ജയശങ്കറിന്റെ ചൈനാ സന്ദർശനം ഇന്ന് ആരംഭിക്കും. നാളെ ടിയാൻജിൻ നഗരത്തിൽ ചേരുന്ന ഷാംങ്ഹായ് സഹകരണ സംഘടനാ വിദേശകാര്യമന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

........വോയ്സ്.....

വിവിധ മേഖലകളിലെ സഹകരണത്തെക്കുറിച്ചും പ്രധാന അന്താരാഷ്ട്ര പ്രാദേശിക വിഷയങ്ങളെക്കുറിച്ചും ഷാംങ്ഹായ് വിദേശകാര്യമന്ത്രിമാർ

പരസ്പരം അഭിപ്രായങ്ങൾ കൈമാറും. ഇന്ത്യ, ചൈന, റഷ്യ, ഇറാൻ, കാസിക്കിസ്ഥാൻ,കിർഗിസ്ഥാൻ, പാകിസ്ഥാൻ, താജിക്കിസ്ഥാൻ, ഉസ്ബാക്കിസ്ഥാൻ, ബലാറസ് എന്നീ പത്ത് അംഗരാജ്യങ്ങളാണ് ഷാംങ്ഹായ് സഹകരണ സംഘടനയിലെ അംഗങ്ങൾ. നിലവിൽ ചൈനയാണ് ചെയർപേഴ്സൺ സ്ഥാനം വഹിക്കുന്നത്.

വിദേശകാര്യമന്ത്രിമാരുടെ യോഗത്തോടൊപ്പം ഡോ. ജയശങ്കർ ഉഭയകക്ഷി ചർച്ചകളും നടത്തും. ചൈനീസ് വിദേശകാര്യമന്ത്രി വാംങ് ഈയു മായി ജയശങ്കർ കൂടിക്കാഴ്ച നടത്തുമെന്നും പ്രതീക്ഷിക്കുന്നു. ഇരു രാജ്യങ്ങളും തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന അതിർത്തി തർക്കം പരിഹരിക്കുന്നതിന് നേതാക്കൾ ചർച്ച നടത്തും. കഴിഞ്ഞ വർഷം ഒക്ടോബറിൽ ലഡാക്കിലെ സംഘർഷം അവസാനിപ്പിക്കാൻ സമ്മതിച്ചതിന് ശേഷം ബന്ധം സാധാരണ നിലയിലാക്കുക എന്ന ദൗത്യത്തിലാണ് ഇരുരാജ്യങ്ങളുടേയും ശ്രദ്ധ. നിയന്ത്രണ രേഖയിലെ സംഘർഷത്തിന് ശേഷം ഡോ. ജയശങ്കറിന്റെ ആദ്യ ചൈനാ സന്ദർശനമാണിത്.

✪✪✪

ആരോഗ്യ, ഔഷധ മേഖലകളിലെ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതുൾപ്പെടെ നാലു സുപ്രധാന കരാറുകളിൽ ഇന്ത്യയും സൗദി അറേബ്യയും ഒപ്പുവെച്ചു. കേന്ദ്ര മന്ത്രി J.P നഡ്ഡയുടെ മൂന്നുദിവസത്തെ സൗദി സന്ദർശനത്തിനിടെയാണ് ഇരുരാജ്യങ്ങളും കരാറിൽ ഒപ്പുവെച്ചത്.

....ഡെസ്ക് റിപ്പോർട്ട്...

.......വോയിസ് ........

സൗദി വ്യവസായ-ധാതുവിഭവ മന്ത്രി ബന്ദർ ബിൻ ഇബ്രാഹിം അൽ ഖൊറൈഫുമായി നടത്തിയ കൂടിക്കാഴ്ചയിൽ, ഇന്ത്യയുടെ വളം വിതരണ ശൃംഖലയെ മെച്ചപ്പെടുത്തുന്ന കരാറിലും ഒപ്പുവെച്ചു. സൗദി കമ്പനിയായ മാഡനും ഇന്ത്യൻ രാസവള കമ്പനികളായ ഐ.പി.എൽ, ക്രിബ്കോ, സി.ഐ.എലും ദീർഘകാല കരാറുകളിൽ ഒപ്പുവെച്ചു. അഞ്ചു വർഷത്തേക്ക് പ്രതിവർഷം 3.1 ദശലക്ഷം മെട്രിക് ടൺ ഡയമോണിയം ഫോസ്ഫേറ്റ് വളം വിതരണം ഉറപ്പുവരുത്തും.

സൗദി ഊർജ്ജ മന്ത്രി അബ്ദുൽ അസീസ് ബിൻ സൽമാൻ അൽ സൗദുമായും സൗദി ആരോഗ്യഉപമന്ത്രി അബ്ദുൽ അസീസ് അൽ റുമൈഹുമായി നഡ്ഡ കൂടിക്കാഴ്ച നടത്തി. നഡ്ഡയുടെ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിൽ സാമ്പത്തിക ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ദീർഘകാല വളം കരാറുകൾ ഇന്ത്യയുടെ കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യും.

✪✪✪

ലോകത്തെ മുൻനിര റിയൽ-ടൈം പേയ്മെന്റ് സംവിധാനമായി മാറിയ UPI നരേന്ദ്രമോദി ഗവൺമെന്റിന്റെ ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നാണെന്ന് നിതി ആയോഗ് മുൻ CEO അമിതാഭ് കാന്ത് പറഞ്ഞു. പ്രതിദിനം 650 ദശലക്ഷം ഇടപാടുകൾ സ്വന്തമാക്കി, ഉയർന്ന റാങ്കിലെത്തിയ UPI-യുടെ വളർച്ച അസാധാരണമാണെന്നും രാജ്യത്തെ പൗരന്മാരുടെ ജീവിതം ഇത് മാറ്റിമറിച്ചെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

യമനിൽ വധശിക്ഷ കാത്തു കഴിയുന്ന മലയാളി നിമിഷ പ്രിയയുടെ മോചനത്തിന് ഇടപെടണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കത്ത് നൽകി.

മാർച്ച് 24ന് വിദേശകാര്യമന്ത്രി എസ് ജയശങ്കറിന് അയച്ച കത്തും ഇതോടൊപ്പം ചേർത്തിട്ടുണ്ട്. മറ്റന്നാളാണ് നിമിഷപ്രിയയുടെ വധശിക്ഷ നടപ്പാക്കാൻ യമൻ തീരുമാനിച്ചിരിക്കുന്നത്.

✪✪✪

രാജ്യസഭാ എം പിയായി രാഷ്ട്രപതി നാമനിർദേശം ചെയ്ത മലയാളി സി. സദാനന്ദൻ മാസ്റ്ററെ ഗവർണർ രജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിനന്ദിച്ചു. പ്രത്യയ ശാസ്ത്ര ആക്രമണത്തിനെതിരായ ദേശീയവാദ ചെറുത്തുനിൽപ്പിന്റെ ജീവിക്കുന്ന പ്രതീകമാണ് സദാനന്ദൻ മാസ്റ്ററെന്ന് ഗവർണർ അഭിപ്രായപ്പെട്ടു.

പൊതു ജീവിതത്തിൽ അദ്ദേഹത്തിന്റെ പതിറ്റാണ്ടുകളുടെ സേവനവും സാമൂഹിക ക്ഷേമത്തോട് പുലർത്തുന്ന അചഞ്ചലമായ പ്രതിബദ്ധതയും ഉപരിസഭയെ സമ്പന്നമാക്കുമെന്ന് ഗവർണർ പറഞ്ഞു.

✪✪✪

ആശാ പ്രവർത്തകരുടെ സമരത്തിന്റെ അഞ്ചാം ഘട്ടത്തിന്റെ ഭാഗമായി പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടത്തുന്ന 1,000 പ്രതിഷേധ സദസ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം വൈകിട്ട് വിഴിഞ്ഞത്ത് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നിർവ്വഹിക്കും.

സംസ്ഥാനത്തിന്റെ തെക്കേയറ്റത്തെ പഞ്ചായത്തായ കരുംകുളത്തു നിന്നും രാപകൽ സമരത്തിന്റെ 156-ാം ദിനത്തിൽ പുതിയ മുന്നേറ്റം ആരംഭിക്കുമെന്ന് ആശമാരുടെ സംഘടനാ ഭാരവാഹികളായ V.K.സദാനന്ദനും M.A.ബിന്ദുവും അറിയിച്ചു.

✪✪✪

കോഴിക്കോട് കലക്ടറേറ്റിലെ എല്ലാ ഓഫീസുകളും വിവരാവകാശ സൗഹൃദമാക്കുന്ന ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷനും ജില്ലാ ഭരണകൂടവും ചേർന്ന് സംഘടിപ്പിക്കുന്ന സെമിനാർ ഇന്ന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. സംസ്ഥാന വിവരാവകാശ കമീഷണർ TK രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് അധ്യക്ഷനാകും. രാവിലെ വകുപ്പ് മേധാവികൾക്കും ഉച്ചയ്ക്ക് ശേഷം പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ, അപ്പീൽ അധികാരികൾ എന്നിവർക്കുമായാണ് സെമിനാർ നടത്തുക.

വിവരാവകാശ നിയമത്തെ കുറിച്ച് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും അവബോധമുണ്ടാക്കുകയും സിവിൽ സ്റ്റേഷനിലെ മുഴുവൻ ഓഫീസുകളെയും വിവരാവകാശ സൗഹൃദ ഓഫീസാക്കി മാറ്റുകയുമാണ് ലക്ഷ്യം. വിവരാവകാശ നിയമം പാർലമെന്റ് പാസാക്കിയ ജൂൺ 15 മുതൽ, നിയമം പൂർണമായി നിലവിൽവന്ന ഒക്ടോബർ 12 വരെയാണ് ക്യാമ്പയിൻ.

✪✪✪

സെക്രട്ടേറിയറ്റിൽ വനം വകുപ്പിന്റെ സർപ്പ ടീം പരിശോധന നടത്തി. ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോജി കൃഷ്ണന്റെ നിർദേശപ്രകാരമാണ് സർപ്പ വോളണ്ടിയർമാർ തിരച്ചിൽ നടത്തിയത്. വിഷമില്ലാത്ത ചുമർ പാമ്പിനെ മാത്രമാണ് പരിശോധനയിൽ കണ്ടെത്തിയത്. ഇന്ന് കൂടുതൽ സർപ്പ അംഗങ്ങൾ എത്തി വിശദമായ പരിശോധന നടത്തും.

✪✪✪

പാലക്കാട് ജില്ലയിൽ രണ്ടാമതും നിപ സ്ഥരീകരിച്ച സാഹചര്യത്തിൽ 6 ജില്ലകളിലെ ആശുപത്രികൾക്ക് ജാഗ്രതാ നിർദേശം നൽകിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, തൃശൂർ ജില്ലകളിലെ ആശുപത്രികൾക്കാണ് പ്രത്യേക ജാഗ്രത നിർദേശം നൽകിയത്. നിപ ലക്ഷണങ്ങളോട് കൂടിയ പനി, മസ്തിഷ്ക ജ്വരം എന്നിവ ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യണമെന്നാണ് നിർദേശം.

✪✪✪

പാലക്കാട് ജില്ലയിൽ നിപ്പ സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ചികിത്സയ്ക്കിടെ മരിച്ച മണ്ണാർക്കാട്, കുമരംപുത്തൂർ സ്വദേശിയായ 57 കാരനാണ് പ്രാഥമിക പരിശോധനയിൽ നിപ്പ സ്ഥിരീകരിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത്...

.........വോയ്സ്..........

പൂനെ വൈറോളജി ഇന്‌സ്ടിട്യൂട്ടിലെ നിന്നുള്ള സ്ഥിരീകരണം കൂടി ലഭ്യമായാൽ കൂടുതൽ നടപടികൾ സ്വീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചു. കഴിഞ്ഞ വെള്ളിയാഴ്ചയാണ് നിപ്പ ലക്ഷണങ്ങളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇയാൾ മരിച്ചത്.

ഇയാളുടെ സമ്പർക്ക പട്ടികയിൽ ഉള്ള 46 പേരെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുൾപ്പടെ ജില്ലയിൽ 219 പേരാണ് സമ്പർക്ക പട്ടികയിൽ ഉള്ളത്. പ്രദേശത് ഫീൽഡ് തല പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.

നിപ്പ സ്ഥിരീകരിച്ചതിനെ തുടർന്ന് മണ്ണാർക്കാട് നഗര സഭയിലെയും, കുമരംപുത്തൂർ, കാരാകുറിശ്ശി, കരിമ്പുഴ പഞ്ചത്തുകളിലെയും 17വാർഡുകൾ ജില്ലാ കളക്ടർ കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

✪✪✪

ലോർഡ്സിൽ ആൻഡേഴ്സൺ-ടെൻഡുൽക്കർ ട്രോഫിയിലെ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ ഇംഗ്ലണ്ടിനെതിരെ നാല് വിക്കറ്റ് നഷ്ടത്തിൽ 58 റൺസെടുത്തു. ടെസ്റ്റിൽ ജയിക്കാൻ ഇന്ത്യയ്ക്ക് 135 റൺസ് വേണം. വൈകീട്ട് 3.30 ന് മത്സരം പുനരാരംഭിക്കും.

✪✪✪

വിംബിൾഡൺ പുരുഷ കിരീടം ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ യാനിക് സിന്നർ നേടി. ലണ്ടനിലെ ഓൾ ഇംഗ്ലണ്ട് ക്ലബ്ബിലെ മത്സരത്തിൽ നിലവിലെ ചാമ്പ്യൻ കാർലോസ് അൽകാരസിനെയാണ് സിന്നർ പരാജയപ്പെടുത്തിയത്.

23-കാരനായ സിന്നറിന്റെ കന്നി വിംബിൾഡൺ കിരീടമാണിത്.

✪✪✪

ഫിബ വനിതാ ഏഷ്യാ കപ്പ് ബാസ്ക്കറ്റ്ബോൾ ഗ്രൂപ്പ് A-യിലെ B-ഡിവിഷൻ മത്സരത്തിൽ ഇന്ത്യ  കസാക്കിസ്ഥാനെ തോൽപ്പിച്ചു. ചൈനയിലെ ഷെൻഷെൻ ബേ സ്പോർട്സ് സെന്ററിൽ 68നെതിരെ 85നായിരുന്നു ഇന്ത്യയുടെ ജയം. ഇന്ത്യയുടെ പുഷ്പ സെന്തിൽകുമാർ 23 പോയിന്റുമായി ടോപ് സ്കോററായി. നാല് വർഷത്തിന് ശേഷമാണ് ഇന്ത്യ ബാസ്കറ്റ് ബോൾ ഫിബ എഷ്യൻകപ്പിൽ കളിക്കുന്നത്. ഇന്ന് ലോക ആറാം നമ്പർ ടീമായ ചൈനീസ് തായ്പേയുമായി ഇന്ത്യൻ വനിതകൾ ഏറ്റുമുട്ടും.

✪✪✪

കീം-പരീക്ഷ വിഷയത്തിൽ മേൽകോടതിയെ സമീപിക്കില്ലെന്ന ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ തീരുമാനം പുന:പരിശോധിക്കണമെന്ന് അധ്യാപക-സർവ്വീസ് സംഘടനാ സമരസമിതി ചെയർമാൻ O.K.ജയകൃഷ്ണനും ജനറൽ കൺവീനർ K.P.ഗോപകുമാറും തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

കേരളത്തിന്റെ അഭിമാനമായി കണക്കാക്കുന്ന പൊതുവിദ്യാലയങ്ങളിൽ പഠിച്ച ബഹുഭൂരിപക്ഷം കുട്ടികൾക്കും സുപ്രിംകോടതിയിൽ നീതിലഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്ന് അവർ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

നാളെ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*CNRTs: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*